# ഒരു കൂടിക്കാഴ്ച

ജോൺ ഇളമത

**പ**ത്രത്തിലെ മാട്രിമോണിയൽ കോളത്തിൽ വെറുതെ ഒന്നു കണ്ണോടിച്ചു ഒരു പരസ്യം! കല്യാണാലോചനങ്ങൾ ക്ഷണിക്കുന്നു. ഇന്നസെന്റ് ഡിവോഴ്സി, മദ്ധ്യവയസ്ക്ക, സൗന്ദര്യവും പ്രസരിപ്പും വിടാത്തവൾ, ദൈവഭയവും പാരമ്പര്യവുമുള്ള ക്രിസ്ത്യൻ കുടുംബം. വരന് മദ്ധ്യ പ്രായം ഉണ്ടായിരിക്കണം. ബാധ്യതകൾ പാടില്ല.

ഞാൻ പരസ്യം രണ്ടാവർത്തി വായിച്ചു. തരക്കേടില്ല, എല്ലാം ഒത്തിണങ്ങിയ നാരി. ദൈവ ഭയമുള്ള ഇന്നസെന്റ് ഡിവോഴ്സ്!

വല്ല വെട്ടിലും വീണ് വിവാഹം കഴിച്ചതാവാം. ഭർത്താവ് കുടിയനോ ദുർമാർഗ്ഗിയോ ആയി രുന്നിരിക്കണം. മറ്റു പലരെപ്പോലെയും വിവാഹം കഴിച്ച് അമേരിക്കയിൽ എത്തിയവനാണ് ഞാൻ. ഒടുവിൽ ഇതുപോലൊരു ദൗർഭാഗ്യം വരുമെന്ന് ആരറിഞ്ഞു! അന്നേ വീട്ടുകാരും കൂട്ടുകാരുമൊക്കെ പറഞ്ഞതാണ് പുറത്തുപോയ പെണ്ണിനെ കല്യാണം കഴിക്കുന്നത് സൂക്ഷിച്ചുവേണമെന്ന്.

എന്തിനു നാരികളെ കുറ്റപ്പെടുത്തണം. തടിയുടെ വളവും ആശാരിയുടെ കുഴപ്പവും പോലെ അഡ്ജസ്റ്റ് ചെയ്യാൻ പഠിക്കണം. അങ്ങനെ സർക്കാസ്റ്റിക്കായിട്ടാണ് ഞാനവർക്കൊക്കെ ഉത്തരം കൊടുത്തത്.

ഞാൻ എത്ര അഡ്ജറ്റ് ചെയ്തു. എന്നിട്ടും ഇതു സംഭവിച്ചു.

എന്റെ ഭാര്യ ശോശക്കുട്ടിക്ക് ദൈവഭയം കൂടുതൽ ആയിരുന്നു. ഒടുവിൽ അവളൊരു പ്രാർത്ഥനാഗ്രൂപ്പിൽപ്പെട്ടു.

പ്രാർത്ഥനക്കാർ എന്റെ വീട്ടിലേക്കൊഴുകി. മിക്ക വീക്കെന്റിലും പാട്ടും പ്രാർത്ഥനയുമായി എന്റെ ഒഴിവുദിനങ്ങൾ മുരടിച്ചു.

ഞാൻ ഫാക്ടറി ജോലിക്കാരനാണ്. ഒരു സൂപ്പർവൈസർ. എന്നും കാലത്തെണീറ്റു പണി ക്കുപോയാൽ എരിഞ്ഞടങ്ങുമ്പോഴാണ് തിരികെ വരിക. കരി പുരളാത്ത പണിയാണെങ്കിലും സ്ട്രെസ്സ് ഏറെയുണ്ട്. ജോലിക്കാരുമായി മല്ലടിക്കണം. സ്ഥാപനത്തെ തൃപ്തിപ്പെടുത്തണം.

വീക്കെന്റിലാണ് ഒന്നു സന്തോഷിക്കുക. അരക്കുപ്പി വിസ്ക്കി വാങ്ങി എല്ലാ ശനിയാഴ്ചയും ഒരു വീശുവീശും. തിന്നാൻ കോഴി വറുത്തതോ അല്ലെങ്കിൽ കാളക്കറിയും ചപ്പാത്തിയും ഒക്കെ ഭാര്യ വച്ചുതരും. അതുകഴിഞ്ഞ് രാത്രി പന്ത്രണ്ട് കഴിഞ്ഞാണ് ആടിയാടി കിടക്കാൻ പോകുക. അങ്ങനെ എന്റെ സ്ട്രെസ്സ് നിവാരണത്തിൽ ശോശക്കുട്ടി സർവ്വപിന്തുണയും പ്രഖ്യാപിച്ചിരുന്നു.

ഇങ്ങനെ ഇരിക്കവെയാണ് ആകസ്മികമായി ശോശക്കുട്ടിക്കുട്ടിക്കു ഭക്തിഭ്രാന്തു പിടിപെട്ടത്. മിക്കപ്പോഴും ശനിയാഴ്ച സന്ധ്യക്കാണ് പ്രാർത്ഥനാഗ്രൂപ്പ് ഒത്തുചേരുന്നത്. പലവിധ പൊതുജനം എന്റെ വീട്ടിലേക്ക് ഇരച്ചുകയറി. ഉച്ചത്തിൽ പാട്ടും പ്രാർത്ഥനയും തുടർന്നു വിഭവസമൃദ്ധമായ അത്താഴവും ഗോസിപ്പുമായി ഇതു സ്ഥിരം പതിവായി എന്റെ വീട്ടിൽ തന്നെ നടന്നു. അങ്ങനെ ഞാനും കൂടെ പാടാനും പ്രാർത്ഥിക്കാനും നിർബന്ധിതനായി.

ഒരിക്കൽ ശോശക്കുട്ടിയുടെ ചെവിയിൽ ഒരു വിരുതനോതി ശോശമ്മേടെ ഭർത്താവ് മുക്കു ടിയനാ അല്ലേ? അടുത്തു നിന്നാ വായീന്ന് മദ്യത്തിന്റെ കടുത്ത നാറ്റമാ! മദ്യപാനി സ്വർഗ്ഗരാ ജ്യത്തു പ്രവേശിക്കയില്ലെന്നാ ബൈബിളിൽ പറഞ്ഞിരിക്കുന്നത്?

അന്ന് മുതൽ ശോശക്കുട്ടിക്ക് ഉണർവ്വുണ്ടായി. രാത്രി പാട്ടും പ്രാർത്ഥനയും പിരിഞ്ഞപ്പോൾ അവൾ എനിക്കൊരു താക്കീതു തന്നു! "ഇന്നുമുതൽ നിങ്ങൾ മദ്യം കുടിക്കുകയില്ലെന്ന് എന്റെ പാദത്തിൽ തൊട്ട് സത്യം ചെയ്യണം. നിങ്ങൾ മഹാപാപിയാണ്. മദ്യപാനി ദുർന്നടപ്പുകാരനാകാൻ സാധ്യത വളരെക്കൂടുതലാണ്."

അങ്ങനെ ഇരിക്കെ മറ്റൊന്നുകൂടി സംഭവിച്ചു. ആലീസ് എന്നു പേരുള്ള ഒരു ശൃംഗാരി ശോശക്കുട്ടിയുടെ ചെവിയിൽ മറ്റൊന്നുകൂടി കടാക്ഷിച്ചുവെന്ന്! ഇന്നുവരെ ഞാൻ പരനാരിയെ ചീത്ത ഉദ്ദേശ്യത്തോടുകൂടി നോക്കിയിട്ടില്ല. അല്ലെങ്കിൽ തന്നെ എനിക്ക് പതിനഞ്ചു വയസ്സുള്ള ഒരു ടീനേജ് മകളുണ്ട്. അവൾക്കെങ്കിലും ഞാനൊരു മാതൃകയായിരിക്കേണ്ടേ! ഇത്രയൊക്കെ ഞാൻ ശോശക്കുട്ടിയെ വിനയപൂർവ്വം ധരിപ്പിച്ചു. എന്നിട്ടും അവൾ ഏറുകൊണ്ട പുലിയെപ്പോലെ ചീറ്റി നിന്നു. നിങ്ങൾ ആഭാസനാണ്. സംഭവം ഇതാണ്. പ്രാർത്ഥനയ്ക്കിടയിൽ അവൾ അടുത്തിരുന്ന മറ്റൊരുവളോടു ചോദിക്കുന്നത് അവൾക്കഭിമുഖമായിരുന്ന ഞാൻ കേട്ടു.

ഇവിടുത്തെ ടോയ്ലെറ്റ് എവിടെയാ? അതെങ്ങനാ മറ്റൊരിടത്തു നിന്നുവന്നവൾക്ക് ഇവിടുത്തെ ടോയ്ലറ്റ് നിശ്ചയം! ആ ചോദ്യം കേട്ട ഞാൻ സാമാന്യമര്യാദ അനുസരിച്ചു പ്രാർത്ഥനയ്ക്കു കോട്ടം വരാതെ കണ്ണുകൊണ്ട് ആംഗ്യഭാഷയിൽ ടോയ്ലറ്റ് ഒന്നു കാട്ടി!

പറഞ്ഞുതീരും മുമ്പ് ശോശക്കുട്ടി പൊട്ടിത്തെറിച്ചു. "നിങ്ങൾ ആഭാസനാണ്. മദ്യം ഉള്ളിൽ ചെന്നാൽ നിങ്ങൾക്കു ഭാര്യ ഏതാ മകളേതാ പെങ്ങളേതാ എന്ന തിരിച്ചറിവ് നഷ്ടപ്പെടുന്നു." അവൾ, ശോശക്കുട്ടി പെട്ടെന്ന് ഒരു മുന്നറിയിപ്പുമില്ലാതെ തീരുമാനം എടുത്തു.

എന്റെ ടീനേജു മകളെയും കൂട്ടി അവൾ വേറെ അപ്പാർട്ട്മെന്റ് എടുത്തു താമസം മാറി. ഡിവോഴ്സിനു കേസ് ഫയൽ ചെയ്തു. ഡിവോഴ്സ് പ്രാബല്യത്തിൽ വന്നു. ഞങ്ങളുടെ വീടു വിറ്റു പകുതി അവൾക്കും പകുതി എനിക്കും! എന്റെ ടീനേജു മകളെ പ്രായപൂർത്തി എത്തുവരെ ഞാൻ പുലർത്താൻ കോടതി ഉത്തരവിട്ടു. ചുരുക്കിപ്പറഞ്ഞാൽ ഞാൻ അണ്ടി കളഞ്ഞ അണ്ണാനെപ്പോലെയായി.

ഇങ്ങനെ ഒരവസരത്തിലാണ് ഞാൻ മാട്രിമോണിയൽ പരസ്യം കണ്ടത്. ഫോൺ നമ്പർ കൊടുത്തിട്ടുണ്ട്. ഒന്ന് സമ്പർക്കം പുലർത്തിയാലോ! രണ്ട് കാര്യങ്ങൾ അറിയണം. എങ്കിലേ തീരുമാനിക്കാനാകൂ. ദൈവഭയം എവിടെ വരെ! എക്സ്ട്രീം ഫനാറ്റിക്കാണെങ്കിൽ ഫൊർഗെറ്റിറ്റ്. പ്രായം നാല്പത്തഞ്ചു വരെ ഓക്കെ.

ധൈര്യത്തിന് ഒരു പെഗ് വീശി ഫോൺ എടുത്തു കറക്കി.

"മാട്രിമോണിയൽ കണ്ടു വിളിച്ചതാ." ഞാൻ ആവേശത്തിൽ പറഞ്ഞു.

"അതിനെന്താ നല്ലതു തന്നെ."

അപ്പുറത്തു നിന്ന് മധുരമനോഹരമായ ശബ്ദം ഒഴുകിവന്നു. "ചോദിക്കുന്നതിൽ വിരോധമുണ്ടോ. ദൈവഭയം അതിരുകടന്നതായിരിക്കില്ലല്ലോ!"

"ദൈവഭയം എന്റെ ഉള്ളിലാണ്. ഞാൻ അത് പുറത്തിറക്കാറില്ല. തന്നെയുമല്ല, അൽപം റൊമാന്റിക്കായി കഴിയാനാണ് എനിക്ക് ഇഷ്ടം. വൈകിട്ട് ഭക്ഷണത്തോടൊപ്പം ഒരു ഗ്ലാസ് വൈൻ കുടിക്കും."

"വയസ്സു ചോദിക്കുന്നതിൽ വിരോധമുണ്ടോ?"

"തീർച്ചയായും ഇല്ല. നാൽപ്പത്. പേര് പൊന്നമ്മ."

"എനിക്ക് നാൽപ്പത്തഞ്ച്. അപ്പോൾ എല്ലാംകൊണ്ടു ചേരണം!" ഇരുവരും പൊട്ടിച്ചിരിച്ചു.

ഡേറ്റ് ചെയ്തു പൊന്നമ്മയെ കാണാൻ. ഞാൻ പൊന്നമ്മയെപറ്റി മനസ്സിൽ കോട്ടകെട്ടി. പൊന്നുപോലെയിരിക്കുമായിരിക്കും പൊന്നമ്മ. എങ്കിലും മനസ്സിൽ ഒരു ചാഞ്ചല്യം. എന്താകാം പൊന്നമ്മയുടെ ഡിവോഴ്സിനു ഹേതു! ഒന്നു ചോദിച്ചാലോ അല്ലെങ്കിൽ വേണ്ട തക്കതായി എന്തോ കാണാം. തന്നെപ്പോലെ തന്നെ.

പറഞ്ഞിരുന്ന തീയതിയിൽ സമയത്ത്, ത്രീപീസ് സ്യൂട്ടിൽ കയറി ഉച്ച തിരിഞ്ഞ് ഞാൻ പൊന്നമ്മയെ കാണാൻ പോയി. കൈയിൽ ഒരു കെട്ടു പൂക്കളും. വിലകൂടിയ ഒരു ഷാംപെയിനും കരുതിയിരുന്നു. പറഞ്ഞവഴി പ്രകാരം ഞാൻ പൊന്നമ്മയുടെ വീടിനുമുമ്പിൽ എത്തി. കോളിംഗ് ബെൽ അമർത്തി. കതകുതുറന്നു ഏതാണ്ട് അറുപതോടടുത്തു തോന്നിക്കുന്ന ചട്ടയും മുണ്ടും കുണുക്കും ധരിച്ച ഒരു ചേട്ടത്തി എന്റെ മുമ്പിൽ മന്ദസ്മിതം തൂകി നിന്നു.

ഞാൻ സംശയത്തോടെ നിന്നു. വീടു തെറ്റിയോ? ഞാൻ എന്തെങ്കിലും ചോദിക്കും മുമ്പ് ചേട്ടത്തി പറഞ്ഞുതുടങ്ങി.

"പൊന്നമ്മയെ തിരക്കിയല്ലേ വന്നത്. വീട് ഇതുതന്നെ. അകത്തേക്ക് കയറിയിരിക്ക്." ചേട്ടത്തി വിനയാന്വിതയായി.

ഞാൻ അകത്തേക്ക് പ്രവേശിച്ചു. വിരിച്ചൊരുക്കിയ മനോഹരമായ സ്വീകരണമുറി ലതർ സെറ്റികൾ. സ്ഫടിക ടീപോയ്. ചെറുതും വലുതുമായി മനോഹരമായ കുറെ ചെടികൾ. ഈട്ടി യിൽ കൊത്തിയെടുത്ത നാലടി ഉയരമുള്ള ഒരാന. വലിയ അക്വേറിയം. ഉദ്യാനത്തിലെന്നപോലെ മനോഹരം.

എവിടെ പൊന്നമ്മ?

അവളിപ്പൊ വരും. ഞാൻ അമ്മയാണ്. കുറച്ചു ദിവസത്തേക്ക് വിസിറ്റിംഗിനു വന്നതാണ്.

അൽപസമയത്തിനുശേഷം പൊന്നമ്മ വന്നു. പൊന്നുപോലെ സുന്ദരി.

ഞാൻ അന്തിച്ചുപോയി. ഒരു വീൽചെയറിലായിരുന്നു പൊന്നമ്മയുടെ വരവ്.

ഞാൻ മിഴിച്ചു നിൽക്കെ പൊന്നമ്മ പറഞ്ഞുതുടങ്ങി.

"താങ്കൾ വന്നതിനു നന്ദി. പിന്നെ എന്നെ കല്യാണം കഴിക്കുന്നതു താങ്കളുടെ ഇഷ്ടം. പൊന്നമ്മ ഒന്നു നിർത്തി വീണ്ടും തുടർന്നു. അടുത്തകാലത്ത് ഒരു കാർ ആക്സിഡന്റിൽ എന്റെ അരയ്ക്കു താഴെ തളർന്നു. എന്റെ ഭർത്താവ് തികഞ്ഞ ഭക്തനായിരുന്നു. ഒരു പ്രാർത്ഥനാഗ്രൂ പ്പിന്റെ ലീഡർ, മദ്യപാനമോ, പുകവലിയോ ഉണ്ടായിരുന്നില്ല. പക്ഷേ ഈ സ്ഥിതിയിൽ അദ്ദേഹം എന്നെ ഉപേക്ഷിച്ചുപോയി. മറ്റൊരു പ്രാർത്ഥനക്കാരിയുടെ കൂടെ താമസമാണ്" പൊന്നമ്മ ഒന്നു നിർത്തി വീണ്ടും തുടർന്നു.

"എനിക്കൊരു കൂട്ടു കിട്ടിയാൽ കൊള്ളാമെന്നുണ്ട്. ഇഷ്ടം പോലെ പണമുണ്ട്. ഇൻഷു റൻസ് വകയിലും മറ്റും. ആരെങ്കിലും തയ്യാറായാൽ...!!" പൊന്നമ്മയുടെ പൊന്നുപോലുള്ള മുഖത്തെ അഴകുള്ള കണ്ണുകളിൽ നിന്ന് രണ്ടുതുള്ളി കണ്ണുനീർ അടർന്നുവീണു.

****